(ബി) എല്ലാവരും പാടത്തേക്ക് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിയ തരിശ് നില കൃഷി പദ്ധതിയിൽ 2005-06 മുതൽ 2010-11 നാളിതുവരെ 43575 ഹെക്ടർ തരിശ് നിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന 2005-06 കാലയളവിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില കിന്റലിന് 570 രൂപയും 2010-11-ൽ കിന്റലിന് 1000 രൂപയുമാണ്.

തൃശ്ശൂർ ജില്ലയിലെ നെൽകൃഷി വികസനം

150(2403) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ തൃശ്ശൂർ ജില്ലയിലെ നെൽകൃഷി വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിലൂടെയുണ്ടായ ഉൽപ്പാദന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) പുതുതായി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പ്രധാനപ്പെട്ട നെല്ലുല്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ക്ഷേമസുരക്ഷാ പദ്ധതി

151(2404) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനപ്പെട്ട നെല്ലുല്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ക്ഷേമസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ നെല്ലുല്പാദനപ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി പ്രദേശങ്ങളിൽ നിന്നും സംഭരിക്കുന്ന നെല്ല് മുഴുവൻ സംസ്കരിച്ച് അരിയാക്കുന്നതിന് അതത് സ്ഥലങ്ങളിൽ തന്നെ സൗകര്യമൊരുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിയിൽ പുതിയതായി എതൊക്കെ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി 2009-10-ൽ തുടങ്ങി നടപ്പു സാമ്പത്തിക വർഷവും തുടർന്നു വരുന്നു. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉൾപ്പെടെ നെൽകൃഷി മേഖലകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടെ ഓണാട്ടുകര മേഖല, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ഉൾപ്പെട്ട കുട്ടനാടൻ മേഖല, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഉൾപ്പെട്ട പൊക്കാളി മേഖല, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഉൾപ്പെട്ട കോൾ മേഖല, വയനാടൻ മേഖല, പാലക്കാടൻ മേഖല എന്നിവ കേന്ദ്രീകരിച്ചാണ് പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) പ്രമുഖ നെൽകൃഷി മേഖലകളിൽ നിന്ന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി വിതരണം നടത്തിവരുന്നു

(ഡി) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും നെൽകൃഷി മേഖലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആധുനിക റൈസ് മില്ലുകൾ ആരംഭിക്കാൻ നടപടി

152(2405) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കർഷകരിൽ നിന്നും സംഭരിക്കുന്ന മുഴുവൻ നെല്ലും സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ അധീനതയിൽ നെല്ല് സംസ്കരിച്ച് അരിയാക്കുന്നതിനുള്ള ആധുനിക റൈസ് മില്ലുകൾ ഇപ്പോൾ എവിടെയൊക്കെയാണ് ഉള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റൈസ് മില്ലുകളിൽ പ്രതിവർഷം ആകെ എത്ര ടൺ നെല്ല് സംസ്കരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly